LIBRARY ARCHIVES Kerala Legislative Assembly

സർക്കാർ ഹോമിയോ ആശുപത്രികളുടെ വികസനം

92 (757) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) സംസ്ഥാനത്തെ സർക്കാർ ഹോമിയോ ആശുപത്രികളുടെ വികസനത്തിനും നവീകരണത്തിനുമായി കഴിഞ്ഞ ബഡ്ജറ്റിൽ നീക്കിവച്ച തുകയെത്രയാണെന്നും അതിൽ ചെലവാക്കിയത് എത്രയെന്നും വ്യക്തമാക്കുമോ ;

(ബി) ആവശ്യത്തിന് ഫണ്ട് അനുവദിക്കാതിരിക്കുകയും അനുവദിച്ച ഫണ്ടുകൾ പൂർണ്ണമായി ചെലവഴിക്കാതിരിക്കുകയും ചെയ്യുന്നതുവഴി ആശുപത്രി കളിലെ ചികിത്സാ സൗകര്യങ്ങളിൽ കുറവുവരുന്നത് പരിശോധിച്ചിട്ടുണ്ടോ ?

ഉത്തരം

(എ) സംസ്ഥാനത്തെ സർക്കാർ ഹോമിയോപ്പതി ആശുപത്രികളുടെയും ഡിസ്പെൻസറികളുടെയും വികസനത്തിനും നവീകരണത്തിനുമായി 2014-15 വർഷത്തെ ബഡ്ജറ്റിൽ 2210-05-102-85 എന്ന ശീർഷകത്തിൽ 140 ലക്ഷം രൂപ അനുവദിച്ചിരുന്നു. ടി തുകയിൽനിന്നും 117.12 ലക്ഷം രൂപ (83.6%) ചെലവഴിച്ചിട്ടുണ്ട്.

(ബി) ആവശ്യത്തിനു ഫണ്ട് അനുവദിക്കാതിരിക്കുകയും അനുവദിച്ച ഫണ്ടുകൾ പൂർണ്ണമായി ചെലവഴിക്കാതിരിക്കുകയും ചെയ്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

മഴക്കാലത്ത് പകർച്ച വ്യാധികൾ തടയുന്നതിന് സ്വീകരിച്ച നടപടികൾ

93 (758) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) മഴക്കാലത്ത് പടർന്നുപിടിക്കുന്ന രോഗങ്ങൾ തടയുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ ;

(ബി) പകർച്ച വ്യാധികൾ പടരുന്നത് തടയാൻ പ്രൈമറിതലത്തിൽ പ്രത്യേക മെഡിക്കൽ സംഘത്തെ രൂപീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ ;

(സി) ഏതെല്ലാം മരുന്നുകൾ സൗജന്യമായി നൽകുന്നതിന് സമാഹരി ച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ ?